**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സ.ഉ. (പി) നം 3/2017/ഉ.ഭ.പ.വ തീയതി 25.02.2017 പ്രകാരവും സ.ഉ. (സാധാ) നം 55/2021/ഉ.ഭ.പ.വ തീയതി 21.10.2021 പ്രകാരവും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം ഓൺലൈൻ വഴി മാത്രമേ ആകാവൂ എന്ന് നിർദേശം ഉണ്ടെങ്കിലും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഇത് നടപ്പിലാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (എ) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി Human Resource Management സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 12,86,200/- രൂപയുടെ (പന്ത്രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി ഇരുനൂറ് രൂപ) ഭരണാനുമതി 11/05/2022-ലെ ജി.ഒ.(ആർ.ടി.)നം.166/2022/F&CS പ്രകാരം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ Human Resource Management സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 02/06/2022-ൽ C-Dit ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ പൊതു സ്ഥലം മാറ്റത്തിനുള്ള ഇലക്ട്രോണിക്സ് ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പ്രകാരമാണോ സ്ഥലം മാറ്റം നടക്കുന്നത്; | (ബി) | ഇലക്ട്രോണിക് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഓൺലൈൻ സ്ഥലം മാറ്റം എന്നു മുതൽ നടപ്പാക്കാനാകുമെന്ന് വിശദീകരിക്കാമോ? | (സി) | സോഫ്റ്റ് വെയർ രൂപീകരിച്ച് പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് വകുപ്പിൽ ഓൺലൈൻ സ്ഥലം മാറ്റം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ